പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2122 26-10-2026-ൽ മറുപടിയ്ക്ക്

നെടുമാവ് -അരുവിക്കുഴി റോഡ് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. റോണി. കെ. ബേബി	ശ്രീ. കെ. എം. ഷാജി (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ നെടുമാവ് - അരുവിക്കുഴി റോഡ് പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

മറുപടി: നെടുമാവ് അരുവിക്കുഴി റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് 01.10.2026-ന് കരാറുകാരനുമായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രവൃത്തിയുടെ Initial Level എടുക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ,പ്രവൃത്തിയുടെ ഭാഗമായി പുനർ നിർമ്മിക്കേണ്ട മൈനർ ബ്രിഡ്ജ് പൊളിച്ചുമാറ്റുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

മറുപടി: കരാർ വ്യവസ്ഥ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമാണ്. ആയതിനാൽ, പ്രസ്തുത കാലാവധിക്കുള്ളിൽ, അതായത് 2027 സെപ്റ്റംബർ മാസത്തിനകം, പ്രവൃത്തി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ